# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 903 30.06.2015 - ൽ മറുപടിക്ക്

## മിഷൻ 676ൽ എല്ലാവർക്കും കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | മിഷൻ 676ൽ ഉൾപ്പെടുത്തി എല്ലാവർക്കും കുടിവെള്ളം നൽകുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (എ) & (ബി) | ഉണ്ട്. കേരള ജല അതോറിറ്റിയിൽ നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 154 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനാണ് മിഷൻ 676 ൽ വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ ജലനിധി, ഭൂഗർഭജലവകുപ്പുകളും മിഷൻ 676-ൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതിയിലൂടെ വിവിധ ജില്ലകളിലായി 1550 കുടിവെള്ള പദ്ധതികളിലൂടെ ഏകദേശം 9.6 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണ് മിഷൻ 676 ൽ ലക്ഷ്യമിടുന്നത്.<br>മഴവെള്ള സംഭരണം (100 എണ്ണം), തടയണ (10 എണ്ണം) അടിയണ (1) കുഴൽകിണർ/ട്യൂബ്വെൽന്റെ നിർമ്മാണം (936 എണ്ണം), ഹാൻഡ് പമ്പ് സ്കീം (629 എണ്ണം), ചെറുകിട കുടിവെള്ള പദ്ധതികൾ (859 എണ്ണം) എന്നിവയാണ് മിഷൻ 676-ൽ ഉൾപ്പെടുത്തി ഭൂജലവകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം. വ്യക്തമാക്കാമോ ; | (സി) | സർക്കാർ മിഷൻ 676 പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ജല അതോറിറ്റി നിലവിൽ നടന്നുവരുന്ന പദ്ധതികളുടെ അവലോകനയോഗം വിവിധ തലത്തിൽ നടത്തുകയുണ്ടായി. സർക്കാരിന്റെ ശേഷിക്കുന്ന 676 ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ കണ്ടെത്തുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവിൽ പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികളെ ജില്ല തിരിച്ച് ആദ്യത്തെ 100 ദിവസം, 101-200, 201-300, 301-400, 401-500, 501-676 എന്ന ക്രമത്തിൽ തരംതിരിച്ച് പദ്ധതി പൂർത്തീകരണത്തിനുവേണ്ട കർമ്മ പദ്ധതി തയ്യാറാക്കുകയുണ്ടായി. ഗുണഭോക്തൃസംഘങ്ങളും, ഗ്രാമപഞ്ചായത്തും, ഗ്രാമപഞ്ചായത്തുകളെ സഹായിക്കാനായി നിയോഗിച്ചിട്ടുള്ള സഹായ സംഘടനയും, കെ.ആർ.ഡബ്ല്യു. എസ്.എ.യുടെ ഉദ്യോഗസ്ഥരും ചേർന്നാണ് ജലനിധി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നത്.<br>ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂജലവകുപ്പ് രൂപരേഖ തയ്യാറാക്കിയത്. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനു പുറമെ ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ PASK (Project Alert System) സംവിധാനത്തിലൂടെയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതി |

യുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676-ൽ ഉൾപ്പെടുത്തി കർമ്മ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്.

ജലനിധി പദ്ധതികളെല്ലാം തന്നെ ആസൂത്രണ ത്തിന്റെയും നിർവ്വഹണത്തിന്റെയും വിവിധ ഘട്ടങ്ങളിലാണ്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി നിർവ്വഹണത്തിന് സഹായിക്കാനുമായി പദ്ധതിയിലുൾപ്പെടുത്തി യിട്ടുള്ള എല്ലാ ഗ്രാമപഞ്ചായത്തിലും കെ.ആർ.ഡബ്ല്യു.എസ്.എ.യുടെ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. കൂടാതെ മേഖലാതലത്തിലും പഞ്ചായത്തുതലത്തിലും, സംസ്ഥാനതലത്തിലും പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ തുടർനടപടികൾ ജലനിധി സ്വീകരിച്ചു വരുന്നു.

ഭൂജലവകുപ്പിന് 7.2 കോടി രൂപ വരൾച്ച ദുരിതാശ്വാസപദ്ധതിയിൻ കീഴിലും - 1.25 കോടി രൂപ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിലും ലഭ്യമാക്കിയിട്ടുള്ളതിൻ പ്രകാരം താഴെപറയുന്ന കാര്യങ്ങൾ 2014-15 കാലയളവിൽ ഭൂജലവകുപ്പ് വഴി കൈവരിച്ചിട്ടുണ്ട്.

| | |
|---|---|
| മൈക്രോ വാട്ടർ സപ്ലൈ സ്കീം | - 87 എണ്ണം |
| ഹാന്റ് പമ്പ് പദ്ധതി | - 53 എണ്ണം |
| ബോർവെൽ/ട്യൂബ് വെൽ | - 377 എണ്ണം |
| ഹാന്റ് പമ്പ് റിപ്പയർ | - 299 എണ്ണം |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.